## കേരളകലാമണ്ഡലം നവരംഗാവിഷ്കൃതി സർഗ്ഗോത്സവം

കേരളകലാമണ്ഡലത്തിൽ അ ഭ്യസിപ്പിച്ചുപോരുന്ന കഥകളി, കൂടിയാട്ടം, മോഹിനിയാട്ടം, തുള്ളൽ എന്നീ ക്ലാസ്സിക്കൽ രംഗകലകളിൽ സങ്കേതനിഷ്ഠമായ പുതിയ ഇനങ്ങൾ കളരിയിൽ ചിട്ടപ്പെടുത്തിയുള്ള അവതരണത്തിനു നിശ്ചയിച്ചയിച്ചിട്ടുള്ള പുരസ്കാരമാണിത്. ഇത് **കേരളകലാമണ്ഡലം നവരംഗാവിഷ്കൃതി പുരസ്കാരം** എന്ന പേരിൽ അറിയപ്പെടും.

നിയമാവലി

1. മേൽപ്പറഞ്ഞ കലാരൂപങ്ങളിൽ നാൽപത് വയസ്സിൽ കവിയാത്ത യുവകലാകാരന്മാർക്കു മാത്രമായിരിക്കും ഈ മത്സരത്തിൽ പ്രവേശനം.

2. ഒരു ടീമിൽ ഉൾപ്പെടുത്താവുന്ന അംഗങ്ങളുടെ സംഖ്യ താഴെപ്പറയുന്ന പ്രകാരമായിരിക്കും.

| | |
|---|---|
| കഥകളി | 10 |
| കൂടിയാട്ടം | 8 |
| മോഹിനിയാട്ടം | 8 |
| തുള്ളൽ | 4 |

3. അതതു കലാരൂപങ്ങളിൽ പുതിയ ഇനങ്ങൾ രംഗത്ത് കൊണ്ടു വരിക എന്നതാണ് **നവരംഗാവിഷ്കൃതി** എന്നതു കൊണ്ട് ഉദ്ദേശിക്കുന്നത്. പുതിയ ആവിഷ്കാരസങ്കേതങ്ങൾ കണ്ടെത്തി അവതരിപ്പിക്കുക എന്നതാണ് ഈ സർഗ്ഗോത്സവം കൊണ്ട് ഉണ്ടാകേണ്ടുന്ന പ്രയോജനം. ഏതെല്ലാം തരത്തിലുള്ള പുതുമകളിലാണു ശ്രദ്ധിക്കേണ്ടതെന്നു താഴെ പറയുന്നു.

**കഥകളി**

പുതിയ കഥ/പ്രമേയം (പുതുമയുള്ള ഇതിവൃത്തം പ്രധാനമാണ്. അതിലേക്കു പുതിയതായി എഴുതിയുണ്ടാക്കിയ കഥയാകാം, പഴയ ആട്ടക്കഥകളിലെ രംഗാവതരണം ചെയ്തിട്ടില്ലാത്ത ഭാഗങ്ങൾ ആണ് എടുക്കുന്നതെങ്കിൽ അതിനു പ്രമേയപരവും ആവിഷ്കാരപരവുമായ പുതുമ ഉണ്ടായിരിക്കണം.)

കഥകളിയിൽ പ്രയുക്തമായിട്ടില്ലാത്ത കേരളീയതാളങ്ങൾ, കലാശങ്ങൾ, അഭിനയമുഹുർത്തങ്ങൾ, മുദ്രകൾ ആഹാര്യക്രമം എന്നിവയിൽ കഴിയുന്നത്ര പുതിയ സങ്കേതങ്ങൾ സൃഷ്ടിക്കാൻ കഴിയണം.

തികച്ചും പരമ്പരാഗതമായ ക്ലാസ്സിക്കൽ സൗന്ദര്യമൂല്യങ്ങൾ നഷ്ടപ്പെടാതെ സങ്കേതബദ്ധത പുലർത്തുന്നതായിരിക്കണം. അതോടൊപ്പം പ്രേക്ഷകസമ്മതി ലഭിക്കാനുള്ള യോഗ്യതയും ഉണ്ടായിരിക്കേണ്ടതാണ്.

ആധുനിക നാടകങ്ങളിലുപയോഗിക്കുന്ന ശബ്ദ വെളിച്ച സങ്കേതങ്ങൾ ഫലപ്രദമായ രീതിയിൽ പരീക്ഷിക്കാവുന്നതാണ്.

ഒരു പ്രദർശനത്തിനു പരമാവധി അനുവദിക്കാവുന്ന സമയം 2 മണിക്കൂറായിരിക്കും.

**കൂടിയാട്ടം**

പുതിയ കഥ/പ്രമേയം (പുതുമയുള്ള ഇതിവൃത്തം പ്രധാനമാണ്. അതിലേക്കു കൂടിയാട്ട രംഗത്ത് പ്രചാരത്തിലില്ലാത്ത പഴയ സംസ്കൃതനാടകങ്ങളിലെ രംഗാവതരണം ചെയ്തിട്ടില്ലാത്ത

ഭാഗങ്ങൾ ആകാം. ഇതര പ്രാദേശിക ഭാഷകളിലെ നാടകങ്ങളുടെ സംസ്കൃത പരിഭാഷയുമാകാം. രണ്ടായാലും പ്രമേയപരവും ആവിഷ്കാരപരവുമായ പുതുമ ഉണ്ടായിരിക്കണം.)

കൂടിയാട്ടത്തിൽ പ്രയുക്തമായിട്ടില്ലാത്ത കേരളീയതാളങ്ങൾ, ചാരീഭേദങ്ങൾ, നിർവ്വഹണം, അഭിനയമുഹൂർത്തങ്ങൾ, മുദ്രകൾ, ആഹാര്യക്രമം എന്നിവയിൽ കഴിയുന്നത്ര പുതിയ സങ്കേതങ്ങൾ സൃഷ്ടിക്കാൻ കഴിയണം.

തികച്ചും പരമ്പരാഗതമായ ക്ലാസ്സിക്കൽ സൗന്ദര്യമൂല്യങ്ങൾ നഷ്ടപ്പെടാതെ സങ്കേതബദ്ധത പുലർത്തുന്നതായിരിക്കണം. അതോടൊപ്പം പ്രേക്ഷകസമ്മതി ലഭിക്കാനുള്ള യോഗ്യതയും ഉണ്ടായിരിക്കേണ്ടതാണ്.

ആധുനിക നാടകങ്ങളിലുപയോഗിക്കുന്ന ശബ്ദ വെളിച്ച സങ്കേതങ്ങൾ ഫലപ്രദമായ രീതിയിൽ പരീക്ഷിക്കാവുന്നതാണ്.

ഒരു പ്രദർശനത്തിനു പരമാവധി അനുവദിക്കാവുന്ന സമയം 2 മണിക്കൂറായിരിക്കും.

**മോഹിനിയാട്ടം**

പുതിയ കഥ/പ്രമേയം (പുതുമയുള്ള ഇതിവൃത്തം പ്രധാനമാണ്. രംഗാവതരണം ചെയ്തിട്ടില്ലാത്ത കാവ്യഭാഗങ്ങൾ, കവിതകൾ, ഗീതങ്ങൾ എന്നിവയാകാം. അതിനു പ്രമേയപരവും ആവിഷ്കാരപരവുമായ പുതുമ ഉണ്ടായിരിക്കണം.)

മോഹിനിയാട്ടത്തിൽ പ്രയുക്തമായിട്ടില്ലാത്ത കേരളീയതാളങ്ങൾ, ചൊൽക്കെട്ടുകൾ, അഭിനയമുഹൂർത്തങ്ങൾ, മുദ്രകൾ, ആഹാര്യക്രമം എന്നിവയിൽ കഴിയുന്നത്ര പുതിയ സങ്കേതങ്ങൾ സൃഷ്ടിക്കാൻ കഴിയണം.

തികച്ചും പരമ്പരാഗതമായ ക്ലാസ്സിക്കൽ സൗന്ദര്യമൂല്യങ്ങൾ നഷ്ടപ്പെടാതെ സങ്കേതബദ്ധത പുലർത്തുന്നതായിരിക്കണം. അതോടൊപ്പം പ്രേക്ഷകസമ്മതി ലഭിക്കാനുള്ള യോഗ്യതയും ഉണ്ടായിരിക്കേണ്ടതാണ്.

ആധുനിക നാടകങ്ങളിലുപയോഗിക്കുന്ന ശബ്ദ വെളിച്ച സങ്കേതങ്ങൾ ഫലപ്രദമായ രീതിയിൽ പരീക്ഷിക്കാവുന്നതാണ്.

ഒരു പ്രദർശനത്തിനു പരമാവധി അനുവദിക്കാവുന്ന സമയം 1 മണിക്കൂറായിരിക്കും.

**തുള്ളൽ**

പുതിയ കഥ/പ്രമേയം (പുതുമയുള്ള ഇതിവൃത്തം പ്രധാനമാണ്. അതിലേക്കു പുതിയതായി എഴുതിയുണ്ടാക്കിയ തുള്ളൽക്കഥയാകാം, പഴയ തുള്ളൽക്കഥകളിലെ രംഗാവതരണം ചെയ്തിട്ടില്ലാത്ത ഭാഗങ്ങൾ ആണ് എടുക്കുന്നതെങ്കിൽ അതിനു പ്രമേയപരവും ആവിഷ്കാരപരവുമായ പുതുമ ഉണ്ടായിരിക്കണം. നൂതനവും സമകാലികവുമായ ഇതിവൃത്തമുള്ള തുള്ളൽ കഥകൾക്ക് പ്രത്യേക പരിഗണന ഉണ്ടായിരിക്കുന്നതാണ്.)

തുള്ളലിൽ പ്രയുക്തമായിട്ടില്ലാത്ത കേരളീയതാളങ്ങൾ, അഭിനയമുഹൂർത്തങ്ങൾ, മുദ്രകൾ, ആഹാര്യക്രമം എന്നിവയിൽ കഴിയുന്നത്ര പുതിയ സങ്കേതങ്ങൾ സൃഷ്ടിക്കാൻ കഴിയണം.

തികച്ചും പരമ്പരാഗതമായ ക്ലാസ്സിക്കൽ സൗന്ദര്യമൂല്യങ്ങൾ നഷ്ടപ്പെടാതെ സങ്കേതബദ്ധത പുലർത്തുന്നതായിരിക്കണം. അതോടൊപ്പം പ്രേക്ഷകസമ്മതി ലഭിക്കാനുള്ള യോഗ്യതയും ഉണ്ടായിരിക്കേണ്ടതാണ്.

ഒരു പ്രദർശനത്തിനു പരമാവധി അനുവദിക്കാവുന്ന സമയം 40 മിനിട്ടായിരിക്കും.

Registrar
Kerala Kalamandalam
[illegible] (Deemed University) for Art and Culture

**മത്സരത്തിന്റെ നടത്തിപ്പ് സംബന്ധിച്ച നടപടിക്രമങ്ങൾ:-**

1. മേൽപറഞ്ഞ നാലു കലാരൂപങ്ങളുടെ മത്സരങ്ങളിൽ പങ്കെടുക്കുന്നതിനുള്ള അപേക്ഷകൾ മെയ് മാസത്തിൽ ക്ഷണിക്കുന്നതാണ്.
2. അപേക്ഷ ക്ഷണിച്ച് മൂന്ന് മാസത്തിനകം അപേക്ഷ സമർപ്പിക്കേണ്ടതാണ്. രജിസ്റ്റർ ചെയ്ത അവതരണ സംഘത്തിന്റെയോ കലാസ്ഥാപനത്തിന്റെയോ പേരിലായിരിക്കണം അപേക്ഷ സമർപ്പിക്കേണ്ടത്. അഞ്ച് വർഷത്തെയെങ്കിലും പ്രവൃത്തി പരിചയം ഉണ്ടായിരിക്കണം. ചെയ്യാനുദ്ദേശിക്കുന്ന കഥ, അതിന്റെ ആട്ടപ്രകാരം എന്നിവ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്. അവതരണത്തിൽ സ്വീകരിച്ചിട്ടുള്ള പുതിയ ആവിഷ്കാര സങ്കേതങ്ങളെപ്പറ്റിയുള്ള ഒരു വിവരണവും അതോടൊപ്പം ഉണ്ടായിരിക്കേണ്ടതാണ്.
3. ഒരോ ടീമിലും പങ്കെടുക്കുന്ന കലാകാരന്മാരുടെ പേരും വയസ്സും, മേൽവിലാസവും അപേക്ഷയോടൊപ്പം നൽകേണ്ടതാണ്.
4. അപേക്ഷകൾ ലഭിച്ചു കഴിഞ്ഞാൽ ഒരു വിദഗ്ധ സമിതി പരിശോധിച്ച്/ മുഖാമുഖം നടത്തി ആയിരിക്കും ഒരോ കലാരൂപത്തിൽ നിന്നും 5 ടീമുകൾ വീതം മത്സരത്തിനു തെരഞ്ഞെടുക്കുക. അപേക്ഷിച്ച സംഘങ്ങൾക്ക് കലാപരമായ മേന്മ ഇല്ലെന്ന് സമിതിയ്ക്ക് ബോധ്യപ്പെട്ടാൽ ആ വർഷം മത്സരം ഒഴിവാക്കുന്നതായിരിക്കും.
5. തെരഞ്ഞെടുക്കപ്പെടുന്ന ടീമുകൾക്ക് ചൊല്ലിയാട്ടത്തിന് രണ്ട് മാസത്തെ സമയം അനുവദിക്കും. മത്സര പ്രദർശനം നടത്താനുള്ള സ്ഥലവും തിയ്യതിയും നിശ്ചയിച്ച് മത്സരാർത്ഥികളെ അറിയിക്കുന്നതാണ്.
6. ഒരോ കലാരൂപങ്ങളിലുമുള്ള മത്സര പ്രദർശനം കേരളത്തിലെ പ്രമുഖമായ നാല് നഗരങ്ങളിൽ വെച്ചായിരിക്കും.
7. അഞ്ച് കഥകൾ മൂന്ന് ദിവസം കൊണ്ടായിരിക്കും അവതരിപ്പിക്കുക. മോഹിനിയാട്ടവും തുള്ളലും രണ്ട് ദിവസം കൊണ്ട് പൂർത്തീകരിക്കും. ഓരോ പ്രദർശനം കഴിയുമ്പോഴും ക്ഷണിക്കപ്പെട്ട വിദഗ്ധരായ പ്രേക്ഷകരുടെ പ്രതികരണങ്ങളും വിലയിരുത്തലുകളും ഉണ്ടാകും തുടർന്ന് ജൂറി അംഗങ്ങൾ കലാകാരന്മാരുമായി മുഖാമുഖം നടത്തും.
8. മൂന്ന് പേരടങ്ങുന്ന വിദഗ്ധ സമിതിയായിരിക്കും വിധി നിർണ്ണയം നടത്തുക.
9. പ്രഗൽഭരായ രണ്ട് ആചാര്യന്മാരും ഒരു കലാപണ്ഡിതനും അടങ്ങുന്നതായിരിക്കും വിധിനിർണ്ണയ സമിതി.
10. ഒരോ ദിവസ്സവും രാവിലെയും ഉച്ചതിരിഞ്ഞു ഓരോ പ്രദർശങ്ങളുണ്ടാവും മൂന്നാം ദിവസമായിരിക്കും വിധി നിർണ്ണയ പ്രഖ്യാപനം
11. നവീന സംരംഭത്തിന്റെ വിജയത്തിനാവശ്യമാണെന്ന് തോന്നുന്ന പക്ഷം നിബന്ധനങ്ങളിൽ ഭേദഗതിയോ കൂട്ടിച്ചേർക്കലോ വരുത്തുന്നതിന് കലാമണ്ഡലം ഭരണ സമിതിയ്ക്ക് പരിപൂർണ്ണ അധികാരം ഉണ്ടായിരിക്കും.
12. കലാ അവതരണത്തിന് ആവശ്യമായ മിനിമം ശബ്ദവും വെളിച്ചവും

കലാമണ്ഡലം നൽകുന്നതായിരിക്കും കൂടുതൽ ആവശ്യമായി വരികയാണെങ്കിൽ അതത് സംഘങ്ങൾ വഹിക്കേണ്ടതാണ്.

**പ്രതിഫലവും പുരസ്കാരവും:-**

1. മത്സരത്തിൽ പ്രവേശനം ലഭിച്ച് അവതരണം നടത്തുന്ന എല്ലാ ടീമിനും താഴെ പറയുന്ന നിരക്കിൽ പ്രതിഫലം നൽകുന്നതാണ്. ചൊല്ലിയാട്ടത്തിനും വേഷ വിധാനങ്ങൾക്കും യാത്രയ്ക്കും മറ്റുമുള്ള ചെലവുകൾ ഉൾപ്പെടെയാണിത്.

| | |
|---|---|
| കഥകളി | 60000/- |
| കൂടിയാട്ടം | 40000/- |
| മോഹിനിയാട്ടം | 40000/- |
| തുള്ളൽ | 25000/- |

2. ഒരോ കലാ രൂപത്തിലും വിദഗ്ധ സമിതി തെരഞ്ഞെടുക്കുന്ന ഒരു ടീമിന് നവ സർഗ്ഗ പുരസ്കാരം നൽകും. അത് താഴെ പറയുന്ന പ്രകാരം ക്യാഷ് അവാർഡും ഫലകവും. സർട്ടിഫിക്കറ്റും അടങ്ങുന്നതായിരിക്കും.

| | |
|---|---|
| കഥകളി | 50000/- |
| കൂടിയാട്ടം | 30000/- |
| മോഹിനിയാട്ടം | 25000/- |
| തുള്ളൽ | 25000/- |

3. തികച്ചും നൂതനമായ ചിട്ടപ്പെടുത്തൽ ഇല്ലാതെ വന്നാൽ പുരസ്കാരം നൽകേണ്ടതില്ല എന്ന് തീരുമാനിക്കാനും വിദഗ്ധ സമിതിയ്ക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.

4. താഴെപറയുന്ന വ്യക്തിഗത പുരസ്കാരങ്ങൾകൂടി നൽകുന്നതായിരിക്കും

    1. ഏറ്റവും നല്ല നടൻ
    2. ഏറ്റവും നല്ല നടി
    3. ഗായകൻ
    4. ചെണ്ട
    5. മദ്ദളം
    6. മിഴാവ്
    7. മൃദംഗം

ആദര സൂചകമായി കലാമണ്ഡലം സർട്ടിഫിക്കറ്റും ഫലകവും.

Registrar
Kerala Kalamandalam
(Deemed to be University) for Art and Culture
Vallathol Nagar, Cheruthuruthy-679531